''ഓര്മ്മകള്ക്കും വല്ലാത്ത മണമാണ് ''- 'വിശപ്പ്'.

ശോഭയാര്ന്ന പൂവുകളുടെ മണം ചോരാതെ കാക്കുന്ന ഉദ്യാനപാലകനെ പോലെ കഥയെഴുതുന്ന ഒരാള്,

ഈയാഴ്ചയുടെ ദളം,

വിപിന് ജെ.കെ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
Region 3, തിരുവനന്തപുരം.

പരേതനായ കെ. ജയപ്രകാശ് നാരായണന്റെയും ശ്രീമതി കുമാരി ഷീല യുടേയും മകന്. പിതാവ് തിരുവനന്തപുരം അക്കൗണ്ടന്റ് ജനറല് ഓഫീസില് സീനിയര് അക്കൗണ്ടന്റ് ആയിരുന്നു; അമ്മ വീട്ടമ്മയും.

തിരുവനന്തപുരം ഗവണ്മന്റ് മോഡല് ബോയ്സ് ഹൈസ്കൂള്, പേരൂര്ക്കട കണ്കോഡിയ HSS, എം ജീ. കോളേജ് എന്നീ വിദ്യാലയങ്ങളില് പഠനം.

ബീ.കോം ബിരുദധാരി. 2008 ല് സ്പെഷ്യലിസ്റ്റ് ഓഫീസര് (കസ്റ്റമര് റിലേഷന്സ്) ആയി SBI ആല്ത്തറ ബ്രാഞ്ചില് നിയമിതനായി. 2013 മുതല് ആറുവര്ഷം SBI കൊല്ലം റീജിയണല് ഓഫീസിലും. തുടര്ന്ന് തിരുവനന്തപുരം റീജിയന് -3 ഹോംലോണ് ടീമിലും പ്രവര്ത്തിക്കുന്നു.

പഠനകാലത്ത് മെൈം,
കഥാമത്സരങ്ങളില് യൂത്ത്ഫെസ്റ്റിവല് വിജയിയായി.
ബാഡ്മിന്റനിലും ക്രിക്കറ്റിലും മാറ്റുരച്ചു,

സ്റ്റേറ്റ് ബാങ്ക് ഇന്റര്- സര്ക്കിള് ക്രിക്കറ്റ് ടീമിന്റെ ഭാഗമായിരുന്നൂ, രണ്ട് ടേം. ബാങ്കിന്റെ ഓള് കേരള ബാഡ്മിന്റന് ടൂര്ണ്ണമെന്റ്, കൊല്ലം ബാങ്കേഴ്സ് ക്ലബ് ഡബിള്സ് ടൂര്ണമെന്റ് എന്നിവയില് വിജയിയുമായി, ഇതിനിടയില്.

മൂന്ന് വര്ഷമായി കളിക്കളത്തില് നിന്ന് മാറിനില്ക്കുകയാണ്. സുഹൃത്തുക്കളുടെ നിരന്തര പ്രോത്സാഹനം കാരണം വീണ്ടും കഥകള് എഴുതി തുടങ്ങി.

ഈ കഥകളിലൂടെ വിപിന് അതിശയിപ്പിക്കുന്ന രചനാവെൈഭവം കാഴ്ച വയ്ക്കുകയാണ്.

''കടം'' എന്ന കഥയുമായി 'ടാലന്റഡ് ബാങ്കേഴ്സ് ' പേജിലേക്ക് കടന്നു വന്നത് ഈയടുത്ത കാലത്താണ്. തുടര്ന്നുള്ള കഥകള് ഏറെ ശദ്ധ നേടി. 'രഘു'

എന്ന 'കടം'കഥ യിലെ നായകന് വിങ്ങലായി മാറുകയും ചെയ്തു.
കഥാതന്തുകളില് പ്രശോഭിതമായി ചേര്ന്നു നിൽക്കുന്ന സുഗന്ധപുഷ്പങ്ങളായ കഥകള്; നനുത്ത മുറിവുകളിലൂടെ ലാവണ്യമേകി സാന്ത്വനതലങ്ങള് തീര്ക്കുന്ന കഥാപ്രസരണം.

"വിശപ്പ്" എന്ന വിപിന് കഥയിലെ ഒരു വരിയിലാണ് ഈ കുറിപ്പു തുടങ്ങിയത്.
'കാത്തിരിപ്പ്', "നേരെഴുത്തുകള്" , "കടം", "അനുശോചനം" തുടങ്ങി അനവധി കഥകള് ചേര്ത്തുവച്ച ഒരു ബ്ലോഗും ശ്രദ്ധേയമാകുന്നു.

രണ്ടു കഥകളുടെ ലിങ്ക് ചുവടെ ചേര്ക്കുന്നു.

വിപിന് കഥകളുടെ ഒരു സമാഹാരം പ്രസിദ്ധീകരണത്തിനായി തയ്യാറായിരിക്കുകയാണെന്ന സന്തോഷവും പങ്കു വച്ചു, സംഭാഷണത്തില്.

വായനയുടേയും എഴുത്തിന്റേയും പ്രേരകശക്തിയായി ജീവിത സഖിയും കുടുംബവും കൂടുന്നു. SBI (RACPC 2 Tvpm) യില് ഡെപ്യൂട്ടി മാനേജര് ആണ് പത്നി, ശരണ്യ ആര് പ്രസാദ്. സര്വോദയ വിദ്യാലയയില് നാലാം ക്ലാസ്സില് പഠിക്കുന്ന, നിരഞ്ജനും , എല്.കെ.ജിയിലെ ആര്യനും മക്കള്.

സ്റ്റേറ്റ് ബാങ്ക് ഓഫീസര് സംഘടനാരംഗത്ത് 2016-2019 കാലയളവിൽ കൊല്ലം മോഡ്യൂള് അസിസ്റ്റന്റ് ജനറല് സെക്രട്ടറിയായിരുന്നു, വിപിന്.

കഥാസമാഹാരം പ്രസിദ്ധീകൃതമാകുവാനുള്ള ശ്രമങ്ങള് വേഗം സഫലമാകട്ടെ.

ആശംസകളോടെ

ടാലന്റഡ് ബാങ്കേഴ്സ്

****

http://jkvipin.blogspot.com/2021/06/blog-post_80.html

http://jkvipin.blogspot.com/2021/06/blog-post_10.html

--------------------------------------------------------------------------------------------
തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ

മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
------------------------------------------------------------------------------------------------

"Memories too smell good '' (Excerpt from the story, 'Hunger' penned by this week’s Talented Banker.)

Let's introduce someone who writes stories in the likeness of being much of a gardener who guards the scent of enticing flowers.

Vipin J.K
State Bank of India
Region 3, Thiruvananthapuram.

Vipin was born to late Mr K. Jayaprakash Narayanan, who worked as a senior accountant in the Accountant General's Office, Thiruvananthapuram.and Mrs. Kumari Sheela, a house wife.

He had his education at Government Model Boys' High School, Thiruvananthapuram, Concordia HSS Peroorkada and M.G. College. He is a graduate in Bcom. He joined SBI in the year 2008 as Specialist Officer (Customer Relations) at Althara Branch.He worked for six years in a row at Regional Office,Kollam since 2013. He has been a member of the Thiruvananthapuram Region-3 home loan team.

During the course of his studies, he used to win prizes in Mime and Story writing competitions at Youth Festivals.He proved his excellence in Badminton and Cricket also.

He was a part of the State Bank inter-circle cricket team for two terms. He won at the Bank's All Kerala Badminton Tournament and Kollam Bankers' Club Doubles Tournament as well.

He took a break for the last three years and has started writing stories again thanks to persistent inspiration of his friends.

It is recently that Vipin came across the 'Talent Bankers' page with his story ‘kadam’.His stories that followed received much attention. 'Raghu', the hero of the story touched the hearts of many. Vipin’s stories are known for their power of healing.

This post started with wordings from Vipin's story "Hunger". His blog which offers stories like 'Kaathirupu','Nerezhuthukal','Kadam' and 'Anushochanam' has also gained widespread attention. A collection of his stories is about to be published shortly.

His better half and family are the driving force behind his ardour for reading and writing. His wife, Mrs Saranya R Prasad is working as Deputy Manager at SBI (RACPC 2 Trivandrum). They have two children - Niranjan, a fourth grade student and Aryan, an L.K.G student.

Vipin was the Assistant General Secretary of State Bank Officer’s Association, (Kollam module) during the period 2016-2019.

May all his efforts embrace success in all walks of life.

With warm regards,

Talented Bankers

****

http://jkvipin.blogspot.com/2021/06/blog-post_80.html

http://jkvipin.blogspot.com/2021/06/blog-post_10.html